ഉത്തരം

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) 39768 (സ്പിൽ ഓവർ ഉൾപ്പെടെ)

(ഡി) 7305.47

ഇന്ദിരാ ആവാസ് യോജന

5 (1401) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്ന സാമ്പത്തിക സഹായങ്ങൾ ഏതെല്ലാമാണ് ; വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഐ.എ.വൈ. പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഗ്രാമീണ മേഖലയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭവനരഹിതരായ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുവയ്ക്കുന്നതിനുള്ള സാമ്പത്തിക, സാങ്കേതിക സഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്ദിരാ ആവാസ് യോജന. കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന ഔതിക ലക്ഷ്യത്തിന് അനുസരിച്ചുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ഗ്രാമസഭകൾ മുഖേനയാണ്. ഗ്രാമസഭകളിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ പഞ്ചായത്ത് തല മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്നു. ടി ലിസ്റ്റിലെ മുൻഗണനാക്രമം അനുസരിച്ചാണ് അർഹരായ ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്തിൽനിന്നും ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. കേന്ദ്ര നിർദ്ദേശം അനുസരിച്ചാണ് ഔതിക ലക്ഷ്യം നിശ്ചയിക്കുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇന്ദിരാ ആവാസ് യോജനയ്ക്കായി 2012-13 വരെ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിരുന്ന യൂണിറ്റ് കോസ്റ്റ് 48,500 രൂപയായിരുന്നു. 2012-13-ന് ശേഷം അത് 70,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ടി ഇകയുടെ 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവുമാണ്.

(സി) കേരളത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം 15-9-2011 മുതൽ പട്ടികജാതി, ജനറൽ വിഭാഗങ്ങളുടെ യൂണിറ്റ് കോസ്റ്റ് രണ്ട് ലക്ഷമായും പട്ടികവർഗ്ഗ വിഭാഗത്തിന്റെ യൂണിറ്റ് കോസ്റ്റ് 2.5 ലക്ഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച ഇകയുക്കുള്ള അധികബാദ്ധ്യതയിൽ 2012-13-ലേക്ക് 75,000 രൂപ വീതവും 2013-14, 2014-15 വർഷങ്ങളിലേക്ക് 50,000 രൂപ വീതവും സംസ്ഥാന സർക്കാർ അധിക ധനസഹായമായി നൽകുന്നുണ്ട്. ബാക്കി ഇക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:40:35 അനുപാതത്തിൽ വകയിരുത്തി നൽകുന്നുണ്ട്.

ഇന്ദിരാ ആവാസ് യോജന

6 (1402) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം 2011-12 മുതൽ 2014-15 വരെയുള്ള നാലുവർഷങ്ങളിൽ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇതിൽ ഇതുവരെ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്ന് വർഷം, ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പദ്ധതിയുടെ കേന്ദ്രവിഹിതം കഴിഞ്ഞ നാലുവർഷങ്ങളിലും ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോ വർഷവും ലഭിച്ച ഇകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം കഴിഞ്ഞ നാലുവർഷങ്ങളിലും പൂർണ്ണമായും അനുവദിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ, 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഇതിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ട ഇക എത്ര വീതമായിരുന്നു ; ഇതിൽ എത്ര രൂപ ഇതുവരെ നൽകി ;

(എഫ്) ബാക്കി ഇക എത്രയാണെന്നും ഇത് നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly